# 7

# ഭാരതീയ ഇതിഹാസങ്ങളിലേയും നാടോടി വാങ്മയങ്ങളിലേയും കാർഷിക സംസ്കൃതി

ഡോ.ഹേമമാലിനി എം.
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ് മേരീസ് കോളേജ്
തൃശ്ശൂർ

ആദിമകാലം മുതൽതന്നെ മനുഷ്യന്റെ ചിന്തകളിലും പ്രവൃത്തികളിലും പ്രകൃതിയും പ്രകൃതി പ്രതിഭാസങ്ങളും വളരെ സ്വാധീനം ചെലുത്തിയിരുന്നു. നായാടി നടക്കുന്ന കാലത്തും ഭക്ഷണത്തിനും രോഗശാന്തികൾക്കും അഭയപ്രാപ്തിക്കും പുഴുക്കളുടേയും ചെടികളുടേയും വൃക്ഷങ്ങളുടേയും സ്ഥാനം നിരാകരിക്കാനാകില്ല. പ്രകൃതിയുമായി മനുഷ്യനുണ്ടായിരുന്ന ഈ ഗാഢബന്ധം നിമിത്തം പ്രകൃതിയിൽ ഉണ്ടാകുന്ന സംഭവങ്ങളും പ്രതിഭാസങ്ങളും ആദിമമനുഷ്യനിലുണ്ടാക്കിയ വികാരങ്ങൾക്ക് ശബ്ദം, ചേഷ്ട, കർമ്മം എന്നിവയിലൂടെ ആവിഷ്കാരങ്ങൾ നൽകാൻ അവൻ ശ്രമിച്ചു. ഇവ ആഖ്യാനം ചെയ്യപ്പെട്ടപ്പോൾ ഈ കഥകൾക്ക് മിത്തിന്റെ സ്വഭാവം കൈവരുന്നു. ഇവ തന്നെ സാമൂഹ്യജീവിതത്തിന്റെ ഓരോരോ കാലത്ത് ഉണ്ടാകുന്ന ജീവിതയാഥാർത്ഥ്യങ്ങളുമായി സംയോജിപ്പിച്ച് ആവിഷ്കരിക്കുമ്പോൾ അവയ്ക്ക് ഇതിഹാസമാനം കൈവരുന്നു. അതതുകാലത്തെ വിശ്വാസക്രമങ്ങളും മൂല്യങ്ങളുമൊത്ത് ഇതിഹാസത്തിൽ ഒരു ജനതയുടെ ആകാംക്ഷകൾ, ആശങ്കകൾ, ഭയം, ധർമ്മബോധം, പ്രേരണാശക്തി, അഭിലാഷങ്ങൾ, എന്നിവയെല്ലാം അതിൽ സൂചിതമാകുന്നു. ഇത്തരം വിശ്വാസക്രമങ്ങളിൽ പരിസ്ഥിതിയോടുള്ള മനോഭാവം ശ്രദ്ധേയമാണ്. ഇതാകട്ടെ സഞ്ചിതസംസ്കാരബോധത്തിൽ പ്രതിഫലിക്കുകയും ചെയ്യും. പരിസ്ഥിതി സംരക്ഷണത്തിലും സംസ്കാരപരിപാലനത്തിലും സഞ്ചിത സംസ്കാരബോധത്തിന്റെ ഉള്ളടക്കങ്ങളായ ആദിപ്രരൂപങ്ങൾക്ക് വലിയ സ്ഥാനമുണ്ട്.

ഏതു സ്ഥലത്തും ഏതു കാലത്തും വിശ്വാസക്രമങ്ങൾക്ക് ബഹുസ്വരതയുണ്ടായിരിക്കും. മുഖ്യധാരാ സംസ്കാരത്തിന്റേയും നാടോടി സംസ്കാരത്തിന്റേയും സ്വരങ്ങൾക്ക് വ്യത്യസ്തതയുണ്ട്. മുഖ്യധാരാ സംസ്കാരത്തിൽ ആധിപത്യമനോഭാവത്തിന് മുൻതൂക്കമുള്ളപ്പോൾ നാടോടി

സംസ്കാരത്തിൽ സഹവർത്തിത്വത്തിനാണ് ഊന്നൽ. സഹവർത്തക സംസ്കാരം ആത്മീയ
സങ്കൽപ്പങ്ങളോട് അടുത്തുനിൽക്കുന്നു. ആധിപത്യസംസ്കാരം വിപണി, ലാഭം, സ്ഥാനം, പദ
വി, എന്നിവയെ പ്രോത്സാഹിപ്പിക്കുമ്പോൾ ഉപജീവനരീതികളെയാണ് സഹവർത്തക സംസ്കാരം
ആശ്രയിക്കുന്നത്. അത്തരം സംസ്കാരത്തിലെ പ്രരൂപങ്ങൾ ആത്മീയവും നാടോടിരീത്യാനു
സാരിയുമായ അഭിജ്ഞത പ്രദർശിപ്പിക്കുന്നവയുമാകും. നമ്മെയും മറ്റുള്ളവരെയും നന്നായി
മനസ്സിലാക്കാൻ സഹവർത്തകസംസ്കാരത്തിന്റെ ഭാഷയിൽ സംസാരിക്കുന്ന നാടോടി സംസ്കാ
രത്തിന് കഴിയുന്നു. അവയുടെ ചരിത്രത്തിൽ ഇണങ്ങിച്ചേരലിനു പ്രാധാന്യമുള്ളതുകൊണ്ട് പരി
സ്ഥിതിപാഠങ്ങൾക്കും ഏറെ പ്രസക്തിയുണ്ട്.

വേദകാലം മുതൽക്കുതന്നെ പ്രകൃതി പ്രതിഭാസങ്ങൾക്ക് അതിമാനുഷികത നൽകി ആരാധി
ക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. വർഷം, വേനൽ, കാറ്റ് എന്നിവയെല്ലാം മനുഷ്യന്റെ വരുതി
യിൽ നിൽക്കുന്നതല്ല എന്ന തോന്നലിൽ നിന്ന് അവയെ ആരാധിച്ചു പ്രീതിപ്പെടുത്താനുള്ള ശ്രമ
ങ്ങൾ തുടങ്ങി. ഉപജീവനത്തിനും അതിജീവനത്തിനുമായി ഒരേയിടത്തു താമസമായി ഒരു കാർഷി
ക സമൂഹഘടന രൂപപ്പെടുത്താൻ ശ്രമം തുടങ്ങിയപ്പോൾ അതിനനുസൃതമായി കുടുംബഘടന
യിലും മാറ്റം വരുന്നു. കാർഷിക സംസ്കാരത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന കാലഘട്ട
ത്തിന്റെ വിശ്വാസക്രമത്തെയാണ് ആദികാവ്യം പ്രതിഫലിപ്പിക്കുന്നത്. അതിൽ ദൈവികശക്തി
യെയും പ്രകൃതിശക്തിയെയും സംയോജിപ്പിക്കാനുള്ള ശ്രമം കാണാം. ഭൂമിയെ സസ്യശ്യാമളമാ
ക്കാൻ വർഷവും വേനലും വേണം. ഇതാകട്ടെ മാറി മാറിവന്നു കൊണ്ടിരിക്കുന്നു. അതിവർഷവും
അതിവേനലും ഭൂമിക്ക് ആപൽക്കരമാണ്. ഈ സഹജജ്ഞാനം നിലവിലുള്ള ശ്രേണീകൃതാധി
കാരവ്യവസ്ഥയുമായി കൂട്ടിവെച്ചുവായിക്കാനാണ് രാമായണത്തിൽ ശ്രമിച്ചിരിക്കുന്നത്. ആദികവി
ലിഖിതരൂപത്തിൽ ആവിഷ്കരിക്കും മുൻപ് വായ്മൊഴികളിലൂടെ ഈ കഥാതന്തു തലമുറകളി
ലൂടെ കൈമാറിവന്നിട്ടുണ്ട്. രവം കൊണ്ട് സംഭീതനാകാത്ത ഒരു വ്യക്തിയുടെ, വിശ്രവസ്സിന്റെ,
പുത്രനാണ് രാവണൻ. പർവ്വതങ്ങളെപ്പോലും അമ്മാനമാടാൻ കെല്പുള്ള രാവണൻ വർഷർ
ത്തുവിനെ പ്രതിനിധാനം ചെയ്യുന്നു. മേഘനാഥനും ആ കുടുംബത്തിലാണ്. മുളച്ചുപൊങ്ങാൻ
സഹായിക്കുന്നതിനൊപ്പം മുക്കിക്കൊല്ലാനും വർഷർത്തുവിന് കഴിയും. ഇതിൽനിന്നും ഭൂമിയെ
രക്ഷിച്ച് സസ്യശ്യാമളമാക്കുന്നത് വേനലാണ്. സൂര്യവംശജനായ രാമൻ വേനലിനെ പ്രതിനി
ധാനം ചെയ്യുന്നു. ചാപം-മഴവില്ല്-കുലച്ചുതകർത്താണ് രാമൻ ഭൂമിയെ പ്രതിനിധാനം ചെയ്യുന്ന
സീതയെ വരിക്കുന്നത്. നിഷ്കാസിതരായ രാമനും സീതയും വനത്തിൽ കഴിയുന്ന നാളുകൾ
ചേതോഹരങ്ങളാണ്. പഞ്ചവടിയിലെ താമസം പരിസ്ഥിതി അനുകൂലമായ ഒരു ജീവിതത്തിന്റെ
നേർക്കാഴ്ചയാണ്. അഹല്യക്ക്, തരിശായ ഭൂമിയ്ക്ക്, രാമൻ ഈ കാലത്തിലാണ് മോക്ഷം നൽകു
ന്നത്. പിന്നീട് രാവണൻ സീതയെ അപഹരിക്കുന്നു; രാമൻ സീതയെ വീണ്ടെടുക്കുന്നു; തിര
സ്കരിക്കുന്നു. ഇതെല്ലാം അന്ന് ജീവിച്ചിരുന്ന ഒരു മുഖ്യന്റെ ജീവിത കഥയെ പ്രകൃതി പ്രതിഭാ
സങ്ങളുമായി ചേർത്തുവെച്ച് വായിക്കാവുന്നതാണെന്ന് ഡോ.എം.ലീലാവതി നിരീക്ഷിക്കുന്നു
ണ്ട്.

ഈ നിരീക്ഷണത്തെ സാധൂകരിക്കാനെന്നവണ്ണം ഈ രാമായണകഥയിൽ എത്രയോ പ്രാദേ
ശികഭേദങ്ങൾ വാമൊഴിവഴക്കത്തിൽ നിലനിൽക്കുന്നുണ്ട്. രാമന്റെ വംശക്കാരെന്ന് അവകാശപ്പെ
ടുന്ന ഗോണ്ടുകൾക്കിടയിലെ ബൻസംഗീതത്തിൽ പറയുന്ന കഥയിൽ കോത്രബൈബന്ന എന്ന
പശുപാലകനും റമേല എന്ന പത്നിയുമാണ് നായകർ. ബൈത്തൂൾ എന്ന നഗരത്തിലെ രാജാ
വിനു സുന്ദരിയായ റമേലയിൽ താൽപര്യമുണ്ടെന്നു കോത്രബൈബന്നയ്ക്കും അറിയാമായിരുന്നു.
അതുകൊണ്ടുതന്നെ അയാൾ റമേലയോട് ഒരിക്കലും നഗരത്തിൽ പോകരുതെന്ന് അനുശാസി
ച്ചിരുന്നു. ഒരിക്കൽ കോത്രബൈബൻ സഹോദരിയെ സന്ദർശിക്കാൻ പോയപ്പോൾ റമേല ഔത്സു
ക്യം കൊണ്ട് നഗരത്തിലേക്ക് പോയി. അവളെ രാജഭടന്മാർ പിടിച്ചുകൊണ്ടുപോവുകയും ചെയ്യു
ന്നു. സഹോദരിയുടെ വീട്ടിൽ വെച്ച് കുടുംബദേവത ഒരു വെളിപാടുപോലെ ഇക്കാര്യം കോത്ര
ബൈബന്നിനെ അറിയിക്കുന്നു. അയാൾ തന്റെ പശുക്കളെയും ആടുകളെയും കൂട്ടി നഗരം ആക്രമി
ച്ചു. വിശിഷ്ടകാളയായ കൂർമൻ സന്തും വിശിഷ്ട ആടായ ഉൾത്തിയയും ആക്രമണത്തിന്
നേതൃത്വം നൽകി. റമേലയെ വീണ്ടെടുത്തു. പക്ഷെ ആ പശുപാലകുലത്തിൽ വീണ്ടും സ്വീകരി
ക്കണമെങ്കിൽ അഗ്നിപരീക്ഷ നടത്തണമെന്ന് സമൂഹം വിധിച്ചു. റമേല അഗ്നിപരീക്ഷണം നട
ത്തി. ഈ കഥയിൽ കൃഷി ഉപജീവനമാക്കിയ ഒരു ജീവിത വ്യവസ്ഥയിൽ നിന്ന് പശുപാലനം

ഉപജീവനമാക്കിയ ഒരു വ്യവസ്ഥയിലേക്കു കഥയ്ക്ക് വരുന്ന മാറ്റം ശ്രദ്ധിക്കേണ്ടതാണ്.

വടക്കുകിഴക്കൻ മേഖലയിൽ പ്രചാരത്തിലിരിക്കുന്ന രാമായണ സദൃശ്യകഥയിൽ സീത നെയ്ത്തുകാരിയാണ്. ഇരിക്കാനുള്ള തടുക്ക് ഉണ്ടാക്കാനാണ് സീത രാമനോട് മാനിന്റെ തോൽ ആവശ്യപ്പെട്ടത്. ഭാരതത്തിന്റെ മധ്യപ്രദേശത്തുള്ള ബൈഗവർഗ്ഗക്കാർക്കിടയിൽ ലക്ഷ്മണനാണ് പ്രാധാന്യം.

ലോകത്തിലെ ഏതു സംസ്കൃതിയിലും കാണുന്നപോലെ, വേദസാഹിത്യത്തിലെയും പ്രമേയങ്ങൾ നാടോടിമനസ്സ് ഉൾക്കൊള്ളുകയും അവയെ കലോചിതമായും സന്ദർഭാനുസാരിയായും പുനരാവിഷ്കരിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. വേദങ്ങൾക്ക് രൂപം കൊടുത്ത വ്യാസൻ ഋഷിമാർക്ക് അത് പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ അവയെ കാലാതീതമായ ഇതിഹാസങ്ങളാക്കി മാറ്റുന്നു. ഇവ പലരിലൂടെ പാടിപ്പറഞ്ഞ് കാലത്തെ അതിജീവിക്കുന്നുണ്ട്. തമിഴിൽ ഇതിനെ കർണ്ണ വാഴ്‌വലി പാരമ്പര്യം എന്നു പറയുന്നു. സിദ്ധർ, ഭാഗവതർ, പാണർ എന്നിങ്ങനെ ഓരോരോ വിശ്വാസങ്ങളുമായി ബന്ധപ്പെട്ട് നിരവധിപ്പേർ ഈ ദൗത്യം കൊണ്ടുനടക്കുന്നു. രാമായണത്തിനും മഹാഭാരതത്തിനും നിരവധി ഭാഷ്യങ്ങൾ നിലവിലുണ്ട്.

പ്രകൃതി പ്രതിഭാസങ്ങൾക്ക് നൽകുന്ന ദിവ്യത വൃക്ഷ സസ്യജാലങ്ങൾക്കും നൽകുന്ന പതിവ് പഴയ കുലചിഹ്ന മതക്കാലത്ത് തന്നെ ഉണ്ടായിരുന്നു. കൂട്ടം കൂടിയും നായാടിയും നടന്നിരുന്ന കാലത്ത് ഓരോ ഗോത്രവർഗ്ഗവും തങ്ങളുടെ അധീനപ്രദേശം അടയാളപ്പെടുത്തിയിരുന്നത് കൃത്യമായ ചില പാറകൾ, മരങ്ങൾ, തടാകങ്ങൾ, പുഴകൾ, അരുവികൾ, എന്നിവയുടെ അടിസ്ഥാനത്തിലാണ്. ഒരു കൂട്ടം ആളുകളും മൃഗവർഗ്ഗങ്ങൾ, മരങ്ങൾ, ചില പ്രത്യേക വസ്തുക്കൾ എന്നിവയും തമ്മിലുള്ള പ്രകൃത്യാതീത ബന്ധമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനമാണ് കുലചിഹ്നമതത്തിന്റെ പ്രധാന സവിശേഷത. ഇത്തരം കുലചിഹ്നങ്ങളെ വേട്ടയാടുന്നതിലും നശിപ്പിക്കുന്നതിലും വിലക്കേർപ്പെടുത്തുക പതിവാണ്. മൃഗവർഗ്ഗങ്ങളാണ് കുലചിഹ്നങ്ങളായി സ്വീകരിക്കാറുള്ളതെങ്കിലും വൃക്ഷവർഗ്ഗവും ശിലകളും കുലചിഹ്നങ്ങളാകുന്നതും അപൂർവ്വമല്ല. മരങ്ങളെയും കാടുകളേയും പവിത്രമായി കണ്ട് സംരക്ഷിക്കുന്ന ശീലം സംസ്കാരത്തിന്റെ വികാസപരിണാമങ്ങളിൽ കണ്ടുവരുന്നത് കുലചിഹ്ന വിശ്വാസത്തിന്റെ വികസിത രൂപമായി കാണാവുന്നതാണ്. ഇത്തരം വിശ്വാസങ്ങളാകട്ടെ കാർഷിക അജപാലക സമൂഹങ്ങളിൽ സുലഭമാണ്.

നാലാം ശതാബ്ദത്തിൽ ഉണ്ടായ കാലാവസ്ഥാ വ്യതിയാനവും വരൾച്ചയും ഹാരപ്പൻ സംസ്കാരത്തിന്റെ വീഴ്ച്ചയ്ക്കു കാരണമായി എന്നു മാത്രമല്ല ഒരു തരം കാർഷിക ദേശം ചുറ്റലിനു തുടക്കം കുറിക്കുകയും ചെയ്തുവെന്നു കരുതപ്പെടുന്നു. ഇരുമ്പിന്റെ കണ്ടുപിടുത്തവും കൃഷിസംബന്ധിയായ ദേശാന്തരഗമനവും മനുഷ്യരെ ഗംഗാതടത്തിലേക്ക് എത്തിച്ചു. വനപ്രദേശങ്ങൾ കൃഷിയ്ക്കുപയുക്തമാക്കാൻ അവ ചുട്ടെരിക്കാൻ മനുഷ്യൻ ശ്രമിച്ചു. ഈ പശ്ചാത്തലത്തിൽ വേണം മഹാഭാരതത്തിലെ ഖാണ്ഡവദഹനത്തെ കാണാൻ എന്നിരുന്നാലും ചൂഴ്ന്നുനിൽക്കുന്ന പരിസ്ഥിതി സംവിധാനവുമായിച്ചേർന്നു നിന്നാണ് മനുഷ്യവർഗ്ഗം പുരോഗമിച്ചത്. അഭയം, ഭക്ഷണം, വൈദ്യം എന്നീ തലങ്ങളിൽ മരങ്ങൾക്കും ചെടികൾക്കുമുള്ള പ്രാധാന്യം അവർക്ക് കൃത്യമായ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മിത്തുകളും ഐതിഹ്യങ്ങളും നാടോടിക്കഥകളുമായി ഈ അറിവ് അവർ വരും തലമുറകൾക്ക് കൈമാറി വന്നു. ഇതുകൊണ്ടുതന്നെ ആദിരൂപങ്ങളുടെ കൂട്ടത്തിൽ വൃക്ഷസസ്യാദികൾക്ക് സ്ഥാനമുണ്ട്. പ്രകൃത്യാരാധനയെ പ്രോത്സാഹിപ്പിക്കാൻ പല മരങ്ങൾക്കും ചെടികൾക്കും പവിത്രത നൽകി പലതിനും ദേവാംശം ചാർത്തി കൊടുത്തു. കൃഷിക്ക് സ്ഥലം ഉപയോഗിക്കുമ്പോഴും ജൈവവൈവിദ്ധ്യം പരിപാലിക്കണമെന്നത് നിലനിൽപ്പിനാവശ്യമാണെന്ന ബോധത്തിൽ നിന്നു കാവുകൾക്കും കുളങ്ങൾക്കും പവിത്രത ചാർത്തിപ്പോന്നു. ആരണ്യആവാസവ്യവസ്ഥിതിയിൽ ഇടപെടുമ്പോഴും പുലർത്തിവന്ന ധാർമ്മികതയാണ് ഈ ശീലങ്ങളുടെയെല്ലാം അടിസ്ഥാനം.

മത്സ്യപുരാണത്തിൽ വൃക്ഷോത്സവവിധിയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഒരു മകൻ പത്ത് ജലനിധിക്ക് തുല്യൻ, പത്തു മരം നടുന്നത് ഒരു പുത്രനു തുല്യം എന്നാണ് ആ പുരാണം പഠിപ്പിക്കുന്നത്. രാമായണത്തിൽ ആരണ്യകാണ്ഡവും മഹാഭാരതത്തിൽ വനപർവ്വവുമുണ്ട്. സംഘകാലകവിതകളിലെ തിണസങ്കൽപ്പം പാരിസ്ഥിതിക ബോധത്തിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്. മതത്തിന്റെ ആവിർഭാവത്തിൽ കാവുകൾക്കും മരങ്ങൾക്കും വലിയ പങ്കുണ്ടായിരുന്നു. പലപ്പോഴും ഗ്രാമദേവതകളുടെ ആസ്ഥാനം ചില പ്രത്യേക മരത്തിന്റെ ചുവടുകളിലാണ്. വേദകാ

ലത്തും ബുദ്ധമതത്തിനു മുൻപും ക്ഷേത്രങ്ങൾ പതിവുണ്ടായിരുന്നില്ല. ആരാധനാ മൂർത്തികൾ വിവിക്തമായ അന്തരീക്ഷത്തിലാണ് നിലകൊണ്ടിരുന്നത്. വനത്തിൽ ജലസ്രോതസ്സുകളെ മരങ്ങൾ ചേർത്തു നിർത്തുന്ന കാവുകൾ വലയം ചെയ്തു നിൽക്കുന്നിടത്താണ് മുരുകനെ കാണാനാകുക എന്നു സംഘകവി നക്കീരൻ. ആദിമദേവതകളെ ഹൈന്ദവ വിശ്വദേവതാഗണത്തിലേക്കു സംയാജിപ്പിച്ചതിനുശേഷമാണ് ക്ഷേത്രങ്ങൾ പ്രത്യക്ഷപ്പെടുന്നത്. പവിത്രത നിറഞ്ഞ കാവുകൾ പരിരക്ഷിക്കപ്പെടേണ്ട പ്രകൃതിവിഭവങ്ങൾ എന്ന ആശയത്തിന് അവിടെ നിന്നാണ് പരിക്കേൽക്കുന്നത്.

സ്ഥിരമാക്കിയ ഒരു കാർഷിക സമൂഹത്തിന്റെ പ്രതിനിധാനമാണ് രാമായണകഥയിൽ കാണുക. സീതയെ കാണാതായപ്പോൾ രാമൻ വനത്തിലെ വൃക്ഷലതാദികളോടാണ് ആരായുന്നത്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പ്രതിഫലനമാണിത്. ഇതിഹാസകാലാവസാനത്തോടെ സമൂഹഘടനയിൽ മാറ്റങ്ങൾ വരികയും ഭാരതീയ വിശ്വാസക്രമങ്ങൾക്കു പുതിയ മാനം കൈവരുകയും ചെയ്തു. എന്നാൽ ഇവയ്ക്കൊപ്പം പ്രാദേശിക വിശ്വാസങ്ങളും നിലനിന്നുപോന്നതുകൊണ്ടുതന്നെയാണ് ഭാരതത്തിൽ പലയിടത്തും പ്രകൃതിയുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും കഥകളും നിലനിൽക്കുന്നത്. നാടോടി വാമൊഴി പാരമ്പര്യത്തിൽ ഈ സ്വദേശീവ്യക്തിമുദ്ര കാണാവുന്നതാണ്. ഈ വിശ്വാസങ്ങളാണ് കേരളത്തിലെയും തമിഴ്നാട്ടിലെയും കാവുകളേയും ഗോരഖ്പൂരിലെ സാലവനങ്ങളെയും കൂർഗിലെ ദേവരക്കാടുകളിലെയും യെലഗിരിയിലെ സ്വാമിഫോലയേയും രജപുത്താനയിലെ മേവർഭാഗത്തെ വൃക്ഷജാലങ്ങളെയും പരിരക്ഷിച്ചുപോരുന്നത്. പല കാവുകളും ജലസംഭരണപ്രദേശങ്ങളാണെന്നുള്ളത് ശ്രദ്ധേയമാണ്. അവ പ്രാദേശികമായ സൂക്ഷ്മജലതടാകങ്ങളായി പരിസ്ഥിതിയിലെ ആവാസവ്യവസ്ഥയെ കാത്തുസൂക്ഷിക്കുന്നു. ഹിമാലയത്തിലെ ദേവതാരു പോലെയുള്ള ദിവ്യവൃക്ഷങ്ങളെ മാത്രമല്ല, കറുകപ്പുല്ലിനെക്കൂടി ആരാധിക്കുന്ന വിശ്വാസമാണ് ഭാരതത്തിലുള്ളത്.

വിളവെടുപ്പ് സമയത്ത് വടക്കുകിഴക്കൻ ഭാരതത്തിലെ കൃഷീവലവർഗ്ഗം പിന്തുരുന്ന ആചാരമാണ് നവപത്രികാ ആരാധന. വാസ്തവത്തിൽ വിഗ്രഹാരധനയ്ക്ക് മുമ്പുള്ള കാലത്ത് ആളുകൾ ഭൂമിമാതാവിനെ പൂജിച്ചിരുന്ന ഒരു രീതിയായി ഇത് കണക്കാക്കപ്പെടുന്നു. നല്ല വിളവെടുപ്പിനാണ് ഈ പൂജ. ഒമ്പത് ഇലകൾ ദേവിയുടെ ഒമ്പത് ഭാവത്തെയാണ് പ്രതിനിധീകരിക്കുന്നത്. വാഴ, ചേമ്പ്, മഞ്ഞൾ, ബാർലി, കൂവളം, മാതളം, അശോകം, നെല്ല് എന്നിവയുടെ ഇലകൾ ചേർത്ത് കെട്ടിയാണ് ആരാധിക്കുന്നത്.

മാവ്, പുളി, വാഴ എന്നീ മരങ്ങൾക്ക് ഭാരതീയ വിശ്വാസക്രമത്തിൽ വലിയ സ്ഥാനമുണ്ട്. മാവിന്റെ ഇലകൾ വിശേഷാവസരങ്ങളിൽ കോർത്തു ചാർത്താറുണ്ട്. മാവിനെ ചിലയിടങ്ങളിൽ മരണവുമായി ബന്ധപ്പെടുത്താറുമുണ്ട്. ഗസബോണോ വർഗ്ഗക്കാർ സംസ്കാരകർമ്മത്തിനുശേഷം മാവിന്റെ തൊലിയിൽ ചവിട്ടിയേ വീട്ടിൽ പ്രവേശിക്കൂ. പുളിയെ ബ്രഹ്മാവിന്റെ ഭാര്യയായി സങ്കൽപ്പിക്കുന്ന പതിവുണ്ട്. ഉഷ്ണകാലങ്ങളിൽ ദേഹം തണുക്കാൻ പുളിനീര് കഴിക്കുന്ന പതിവുണ്ട്. ഇതുമായി ബന്ധപ്പെട്ട് നാടോടിക്കഥകൾ പ്രസിദ്ധമാണ്. ശിവപാർവ്വതിമാരുടെ പുത്രരായ ഗണപതിയും ഉഷയും കളിച്ചുകൊണ്ടിരുന്നപ്പോൾ ശിവൻ വരുന്നു. തന്നെ അനാദരിച്ചതിന്റെ പേരിൽ ഗണപതിയുടെ തല ശിവൻ വെട്ടിക്കളയുന്നു. പേടിച്ചരണ്ട ഉഷ, പാർവ്വതിയുടെ കോപം ഭയന്ന് ഉപ്പുഭരണിയിൽ കയറി ഒളിച്ചു. പാർവ്വതി കണ്ടുപിടിക്കുകയും ബാണാസുരന്റെ മകളായി ജനിക്കാൻ ശപിക്കുകയും ചെയ്തു. ശാപമോക്ഷത്തിനായി കരഞ്ഞ ഉഷയോട് ചൈത്രമാസത്തിൽ ആളുകൾ ഉഷയുടെ ഓർമ്മക്കായ് ഉപ്പുകഴിക്കാതെ പുളിരസം കഴിക്കും എന്ന് ആശ്വസിപ്പിച്ചു.

വൻമരങ്ങളുടെ സവിശേഷ സ്വഭാവത്തിലേക്ക് വെളിച്ചം വീശുന്ന ഒരു കഥ ഗഡബവർഗ്ഗക്കാർക്കിടയിലുണ്ട്. ഒരച്ഛനു അഞ്ച് പെൺമക്കളുണ്ടായിരുന്നു. അവരെല്ലാം ആഗ്രഹിച്ചത് അവർക്കു ധാരാളം കുട്ടികൾ വേണമെന്നായിരുന്നുവത്രേ. അവരാണ് അടുത്ത ജന്മത്തിൽ വാഴ, മാവ്, പുളി, ഞാവൽ എന്നിവയായി പിറന്നത്.

മനുഷ്യന്റെ നിലനിൽപ്പിനാവശ്യമായ പ്രാണവായു പ്രദാനം ചെയ്യുന്ന പ്രക്രിയയിൽ മരങ്ങൾക്കുള്ള പ്രാധാന്യം നിസ്സീമമാണ്. അതുകൊണ്ടുതന്നെയാണ് അവയ്ക്കു ആത്മാവുണ്ടെന്ന് ഭാരതീയർ കരുതുന്നു. അരയാൽ, കൂവളം, അശോകം, നെല്ലി, പുളി, എന്നിവയ്ക്കെല്ലാം സാമൂഹികവും മതപരവുമായ പവിത്രതകൾ ഉണ്ട്. സ്വർഗ്ഗവും ഭൂമിയും കൂട്ടിയിണക്കുന്ന കണ്ണിയാണ്

അരയാൽ. ബ്രഹ്മാവിനെ പലാശവൃക്ഷമായും വിഷ്ണുവിനെ അരയാൽ വൃക്ഷമായും രുദ്രനെ പേരാൽ വൃക്ഷമായും ബന്ധിപ്പിക്കുന്ന നാടോടിക്കഥകളുമുണ്ട്.

വൃക്ഷആയുർവേദത്തിൽ ഗൃഹത്തിൽ ഓരോ മരവും നടുന്ന സ്ഥലങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. കാർഷിക സംസ്കാരത്തിൽ ധാന്യങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. നവധാന്യങ്ങൾ മുളപ്പിക്കുന്നത് ശുഭകരമായ ചടങ്ങാണ്. മനുഷ്യന്റെ ഉർവ്വരതയും മണ്ണിന്റെ ഉർവ്വരതയും ബന്ധിപ്പിക്കുന്ന നിരവധി കഥകളും ചടങ്ങുകളും സമൂഹത്തിലുണ്ട്. മിക്ക സ്ഥലത്തും പ്രധാനപ്പെട്ട ഉത്സവങ്ങൾ വിളവെടുപ്പുമായി ബന്ധപ്പെട്ടതാണ്.

ഒരു സമൂഹം പങ്കുവെച്ച അനുഭവത്തിന്റെയും ചരിത്രത്തിന്റയും ഊർജ്ജത്തിൽ നിന്നാണ് ഇത്തരം കഥകൾ മെനഞ്ഞെടുക്കുന്നത്. നമുക്കു ചുറ്റുമുള്ള ലോകത്തെയും ജീവിതത്തെയുമാണവ ദ്യോതിപ്പിക്കുന്നത്. പ്രകൃതി എന്ന വിസ്മയത്തിനു മുന്നിൽ മനുഷ്യനനുഭവിക്കുന്ന വികാരങ്ങളുടെ, വിസ്മയങ്ങളുടെ ആവിഷ്കാരങ്ങളാണ് ഇവ. ഇതിനെല്ലാം ഉപരിയായി കാർഷികസംസ്കാരം കേവലം സാമ്പത്തികതലത്തെ മാത്രമല്ല അതിനേക്കാൾ ഒരു ദേശത്തിന്റെ സാമൂഹ്യസംസ്കാരത്തെക്കൂടി സ്വാധീനിക്കുന്നു എന്നതാണ് ഈ നാടോടി വാങ്മയങ്ങൾ തുറന്നുകാട്ടുന്നത്. □